പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2749 27.01.2014 -ൽ മറുപടിക്ക്.

അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. കെ. ഗുരുദാസൻ<br>ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. കെ. കെ. നാരായണൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും<br>വകുപ്പു മന്ത്രി) |
| (എ) അന്യസംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്താനുള്ള സംവിധാനത്തിന്റെ പുരോഗതി അറിയിക്കാമോ; | (എ) അന്യസംസ്ഥാന തൊഴിലാളികൾക്ക് നിർബന്ധിത രജിസ്ട്രേഷൻ നിലവിലില്ല. എന്നാൽ കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ബോർഡിന്റെ കീഴിലുള്ള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം 35062 പേർ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>അന്യസംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്യിക്കുന്നതിനും ആയതിന്റെ ചുമതല തൊഴിലുടമകൾക്ക് ബാധകമാക്കുന്നതിനുള്ള ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) ഇവരെ സംസ്ഥാനത്ത് എത്തിക്കുകയും തൊഴിലിനായി വിട്ടു നൽകുകയും ചെയ്യുന്ന കരാറുകാർക്ക് ലൈസൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഇവരുടെ പ്രവർത്തനം നിരീക്ഷിക്കാറുണ്ടോ; | (ബി) അഞ്ചോ അതിൽ കൂടുതലോ തൊഴിലാളികളെ അന്യസംസ്ഥാനത്തു നിന്നും റിക്രൂട്ട് ചെയ്യുന്ന തൊഴിൽ ഉടമകൾ രജിസ്ട്രേഷനും കരാറുകാർ ലൈസൻസും എടുക്കേണ്ടതാണ്. ഇവരുടെ പ്രവർത്തനം നിരീക്ഷിക്കാറുണ്ട്. |
| (സി) കരാറുകാരുടേയും ഏജന്റുമാരുടെയും ഇടനില ചൂഷണത്തിൽ നിന്ന് തൊഴിലാളികൾക്ക് പരിരക്ഷ നൽകാൻ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ? | (സി) അന്യസംസ്ഥാന തൊഴിലാളികളെ ചൂഷണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധനാ വേളകളിൽ ഇവർക്ക് നിയമാനുസൃതമായ എല്ലാ പരിരക്ഷയും തൊഴിൽ ഉടമയിൽ നിന്നും ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നുണ്ട്. നിയമലംഘനം നടത്തുന്ന ഉടമകൾക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ അന്യസംസ്ഥാന തൊഴിലാളികൾ കൂടുതലായി പണിയെടുക്കുന്ന സൈറ്റുകളിലും ഇവർ കൂട്ടം ചേരുന്ന സ്ഥലങ്ങളിലും തൊഴിലാളികൾക്ക് ലഭിക്കേണ്ട നിയമപരമായ അവകാശങ്ങളെ സംബന്ധിച്ച ലഘുരേഖകൾ വിതരണം ചെയ്യുവാനും കൂലി നിരക്കുകളും നിയമപരമായ ആനുകൂല്യങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ബംഗാളി, ഒറിയ, ആസാമീസ് ഭാഷകളിൽ ഫ്ളക്സ് ബോർഡുകൾ വയ്ക്കുവാനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ആഫീസർ.